**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3280** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയത് തിരുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പല സ്ഥലങ്ങളിലും കരഭൂമിയായി മാറ്റപ്പെട്ടതും, 50 വർഷത്തിലേറെയായി കൃഷി ഇല്ലാതെ നികന്നതോ നികത്തപ്പെട്ടതോ ആയതും ജനവാസ മേഖലയുമായ ഭൂമി ഇപ്പോഴും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിരിക്കുന്നു എന്നതും തന്മൂലം ഭൂ ഉടമകൾക്ക് പ്രയാസം അനുഭവപ്പെടുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷ ണ നിയമ പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ ഭൂമി തെറ്റായി ഉൾപ്പെട്ടതിനാൽ ഭൂവുടമകൾ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തപ്പെട്ട അത്തരം ഭൂമികൾ ആർ.ഡി.ഒ/ തഹസിൽദാർ/വില്ലേജ് ഓഫീസർ നേരിട്ട് പരിശോധിച്ച് ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | തെറ്റായി ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി, ഡേറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കി നൽകുന്നതിന് നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം, റവന്യൂ ഡിവിഷണൽ ഓഫീസർക്കും, പ്രാദേശികതല നിരീക്ഷണ സമിതിക്കുമാണ് അധികാരമുള്ളത്.<br><br>ഇതിനായി ചട്ടം 4(ഡി) പ്രകാരം, ഫോറം 5 ൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്കും, ചട്ടം 4(vi) പ്രകാരം, പ്രാദേശികതല നിരീക്ഷണ സമിതിക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>ടി അപേക്ഷളിന്മേൽ വില്ലേജ് ഓഫീസർ/കൃഷി ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ലഭ്യമാക്കിയും, ആവശ്യമെങ്കിൽ, നേരിട്ട് സ്ഥല പരിശോധന നടത്തിയും, കെ.എസ്.ആർ.ഇ.സി യു ടെ റിപ്പോർട്ട് ലഭ്യമാക്കിയുമാണ് റവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുന്നത്.<br><br>മേൽ പ്രകാരം, നിയമപ്രകാരമുള്ള നടപടികളിൽ പൂർത്തിയാക്കിയാണ്, തെറ്റായി ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി ഒഴിവാക്കി നൽകുന്നത്. എന്നാൽ, തഹസീൽദാർ, വില്ലേജ് ഓഫീസർ എന്നിവർക്ക്, ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട ഭൂമി ഒഴിവാക്കുന്നതിനുള്ള അധികാരം സംബന്ധിച്ച്, നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതല്ല. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തപ്പെട്ട ഭൂമി ഒഴിവാക്കി നൽകുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (സി) | ഡാറ്റാബാങ്കിൽ തെറ്റായി ഉൾപ്പെടുത്തപ്പെട്ട ഭൂമി ഒഴിവാക്കി നൽകുന്നതിന് ഫോറം-5 ൽ, വിവിധ റവന്യൂ ഡിവിഷണൽ ഓഫീസർമാർ മുമ്പാകെ അപേക്ഷകൾ ലഭിച്ചിട്ടുള്ളതാണ്. അപ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകൾ സംബന്ധിച്ച്, ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ. അനുബന്ധമായി ചേർത്തിട്ടുള്ളതാണ്. |
| (ഡി) | സംസ്ഥാനത്ത് സെറ്റിൽമെൻറ് രജിസ്റ്റർ എന്നു മുതൽ നിലവിലുണ്ട്; പ്രസ്തുത രജിസ്റ്ററിൽ നിലം എന്നു രേഖപ്പെടുത്തപ്പെട്ട ഭൂമി പിന്നീട് കരഭൂമിയായി മാറ്റപ്പെട്ടതിന് ശേഷവും പ്രസ്തുത രജിസ്റ്ററിൽ നിലം എന്ന് രേഖപ്പെടുത്തപ്പെട്ടതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്: അറിയിക്കുമോ? | (ഡി) | 1712-ൽ സെറ്റിൽമെന്റ് രജിസ്റ്റർ (കേട്ടെഴുത്ത്) തയ്യാറാക്കിയതായും, തുടർന്ന് 1738-1748, 1775, 1801, 1817, 1836 വർഷങ്ങളിലും സെറ്റിൽമെന്റ് രജിസ്റ്റർ നിലവിലുണ്ടായിരുന്നതായും, 1882-1909 കാലഘട്ടങ്ങളിൽ പുതിയ സെറ്റിൽമെന്റ് രജിസ്റ്റർ നിലവിൽ വന്നതായും മനസ്സിലാകുന്നു.<br><br>അക്കാലത്തെ ഭൂസ്ഥിതി സംബന്ധിച്ചുള്ള ആധികാരിക രേഖയാണ് സെറ്റിൽമെന്റ് രജിസ്റ്റർ. പ്രസ്തുത സെറ്റിൽമെൻറ് രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ പിന്നീട് തയ്യാറാക്കിയ അടിസ്ഥാന നികുതി രജിസ്റ്ററും (ബി.റ്റി.ആർ), തുടർന്ന് കാലികമായ മാറ്റങ്ങൾ വരുത്തി റീസർവെയ്ക്ക് ശേഷം തയ്യാറാക്കിയ അടിസ്ഥാന നികുതി രജിസ്റ്ററും നിലവിൽ ഉള്ളതാണ്.<br><br>മേൽപ്രകാരമുള്ള ബി.ടി.ആർ-ൽ നിലം ആയി തുടരുന്നതും, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റം സംബന്ധിച്ചും, നിയമാനുസൃത നടപടിക്രമങ്ങൾ പൂർത്തിയാക്കിയുള്ള റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ഭൂമിയുടെ സപ്ലിമെന്ററി ബി.റ്റി.ആറിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തുന്നത് സംബന്ധിച്ചും, ടി നിയമത്തിലും ചട്ടങ്ങളിലും പ്രതിപാദിച്ചിട്ടുള്ളതാണ്.<br><br>എന്നാൽ സെറ്റിൽമെൻറ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് യാതൊരു നിയമത്തിലും വ്യവസ്ഥയുള്ളതല്ല. ആയതു പ്രായോഗികമല്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ

| ക്രമനം | ജില്ല | ആകെ ലഭിച്ച അപേക്ഷകൾ | തീർപ്പാക്കിയ അപേക്ഷകൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 2672 | 1374 |
| 2 | കൊല്ലം | 4597 | 1592 |
| 3 | പത്തനംതിട്ട | 2885 | 2177 |
| 4 | കോട്ടയം | 2471 | 1414 |
| 5 | ആലപ്പുഴ | 14345 | 3186 |
| 6 | ഇടുക്കി | 117 | 39 |
| 7 | എറണാകുളം | 14473 | 5791 |
| 8 | തൃശ്ശൂർ | 10822 | 3295 |
| 9 | പാലക്കാട് | 10260 | 3991 |
| 10 | മലപ്പുറം | 7312 | 3854 |
| 11 | കോഴിക്കോട് | 9453 | 4436 |
| 12 | വയനാട് | 2385 | 860 |
| 13 | കണ്ണൂർ | 3720 | 2140 |
| 14 | കാസർഗോഡ് | 5668 | 2663 |